**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3637** | **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന നൂതനകൃഷിമുറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം സ0സ്ഥാനത്ത് കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം. കാലം തെറ്റിയുള്ള മഴ, തീവ്ര മഴ, അത്യുഷ്ണം, വരൾച്ച തുടങ്ങിയവ സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (ബി) | കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. നെൽ കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ഉയർന്ന താപനില മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും അവ വിളവിനെ എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ച് കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം പഠനം നടത്തിയിട്ടുണ്ട്. ലോക ബാങ്ക് ധനസഹായത്തോടു കൂടി നടപ്പാക്കുന്ന Kerala Climate Resilient Agri Value Chain Modernization Project(KERA) പദ്ധതിയിൽ ഉൾപ്പെടുത്തി Climate Risk Vulnerability Assessment പഠനം RMSI എന്ന കൺസൾട്ടൻസി ആരംഭിച്ചിട്ടുണ്ട്. 2025 ഒക്ടോബറോടെ ഇത് പൂർത്തിയാകും. കൂടാതെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ ഹ്രസ്വകാല ഗവേഷണ ടയലുകൾക്കായുള്ള 74 പ്രൊപ്പോസലുകൾ കാർഷിക സർവകലാശാലയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഗവേഷണ ഫലങ്ങൾ ലഭ്യമായ ശേഷം Package of Practices-ൽ ഉൾപ്പെടുത്തി കാർഷിക മാനേജ്മെന്റ് രീതികൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാന പ്രതിരോധ ശേഷിയുള്ള കൃഷി രീതികളെക്കുറിച്ച് വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും ഗവേഷണ നിർദ്ദേശങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്നതിനായുള്ള ഡാഷ്ബോർഡ് തയാറാക്കി വരുന്നു. ഈ ഗവേഷണങ്ങൾക്കായി KERA പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാന്റ് നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി സംസ്ഥാനത്ത് കാർഷിക കലണ്ടറിൽ മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന തരത്തിലുള്ള നൂതന കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ഏതു കാലാവസ്ഥയിലും കൃഷി ചെയ്യാവുന്ന മഴമറകൾ, ഉറസ്സായ സ്ഥലത്തെ കൃത്യത കൃഷി, നെൽകൃഷിയിൽ ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പത്രപോഷണം തുടങ്ങിയ കാലാവസ്ഥ വ്യതിയാന പ്രതിരോധ കൃഷി രീതികൾ അവലംബിക്കുന്നതിനായി കർഷകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തര ഫലമായ മനുഷ്യ-വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിന് വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരം സൗരോർജവേലി, തൂക്ക് സൗരോർജവേലി, ആനക്കിടങ്ങ് എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി വരുന്നു. നിലവിൽ ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ വനം-വന്യജീവി വകുപ്പ് മുഖേന ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>KERA പദ്ധതിയിൻ കീഴിൽ നടത്തുന്ന Climate Vulnerability Assessment പഠനത്തിലൂടെ വിവിധ വിളകളുടെയും പ്രദേശങ്ങളുടെയും കാലാവസ്ഥാ വ്യതിയാന ഭീഷണി തിരിച്ചറിഞ്ഞ് അതിനുള്ള പൊരുത്തപ്പെടൽ/ ലഘൂകരണ തന്ത്രങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള നൂതന കൃഷി രീതികൾ എന്നിവ കർഷകരിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നു. കൂടാതെ കാർഷിക മേഖലയിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ (Carbon emission) കുറയ്ക്കുന്നതിന് പാലക്കാട് ജില്ലയിൽ നെൽകൃഷി മേഖലയിൽ Alternate Wetting & Drying കൃഷി രീതി KERA പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവകലാശാലയിലെ ഗവേഷണ വിജ്ഞാന വ്യാപനകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് കാർഷിക ബോധവൽക്കരണ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി അവലംബിക്കേണ്ട മാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിനുകൾ തയ്യാറാക്കി കർഷകരിലേക്ക് എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ